# ഇ.എം.എസ്സും ഇടശ്ശേരിയും

## എം.എൻ. കുറുപ്പ്

മഹാകവി മാത്രമല്ല മഹാനായ നാടകകൃത്തുകൂടിയായിരുന്നു ഇടശ്ശേരി ഗോവിന്ദൻനായർ. 65 വർഷത്തെ (1906–1974) മലയാള സാഹിത്യത്തെ കവിതകൾകൊണ്ട് സമ്പന്നമാക്കിയതുപോലെ നാടകങ്ങൾകൊണ്ടും അദ്ദേഹം പരിപുഷ്ടമാക്കി.

കവിയും നാടകകൃത്തുമായിരുന്ന ഇശ്ശേരിയുടെ പ്രബന്ധസമാഹാരം 'ഇതാ ഒരു കവി' പാണ്ഡിത്യത്തിന്റെ നിദർശനംകൂടിയാണ്. അദ്ദേഹത്തിന്റെ അറുപതാം പിറന്നാൾ കേരളീയർക്ക് പ്രത്യേകിച്ച് മലപ്പുറത്തുകാർക്ക് അതിലും വിശേഷിച്ച് പൊന്നാനിക്കാർക്ക് ഒരു സാഹിതീയോത്സവം തന്നെയായിരുന്നു. ആ ചടങ്ങിൽ പങ്കെടുക്കാൻ എനിക്കു കിട്ടിയ സന്ദർഭം എന്റെ ജീവിതത്തിലെ അവിസ്മരണീയ സംഭവങ്ങളിലൊന്നാണ്.

അന്ന് ബലപ്പെട്ട സൗഹൃദ്ബന്ധം മുൻനിർത്തി ഞങ്ങൾ നടത്തിയിട്ടുള്ള സാഹിതീയ ചർച്ചകളുടെ ഒരു ഏട് ആവർത്തിക്കുന്നതിനുവേണ്ടിയാണ് ഇത്രയും ആമുഖമായി പ്രസ്താവിച്ചത്. 1971 ജനുവരിയിൽ ഈ ലേഖകൻ ഇടശ്ശേരിയെ കാണാൻ അദ്ദേഹത്തിന്റെ വീട്ടിലെത്തി. ഒരു ഒഴിവു ദിവസമായ അന്ന് അദ്ദേഹം കോടതിയിൽ പോയിരുന്നില്ല.

വീട്ടിലെത്തിയ എന്നെ വാത്സല്യപൂർവം സ്വീകരിച്ച് സൽക്കരിച്ചതിനുശേഷം അദ്ദേഹത്തിന്റെ വിശാലമായ 'എഴുത്തുമുറിയി'ലേക്ക് ആനയിച്ചു. പത്രപ്രവർത്തകൻ കൂടിയായ ഞാൻ എന്റെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തി. അഭിമുഖം എന്നു കേട്ടപ്പോൾ തന്നെ കവി പൊട്ടിച്ചിരിച്ചു. 'കവിത വിരിയുന്ന ചിരി' അന്നു നടത്തിയ അഭിമുഖം 26 വർഷത്തിനുശേഷം ഇന്നു വായിച്ചപ്പോൾ യാദൃച്ഛികമെന്നു പറയട്ടെ സമകാലികമായി തോന്നി.

അക്കാലത്ത് പുരോഗമന സാഹിത്യപ്രസ്ഥാനം പുനഃസംഘടിപ്പിക്കുന്ന ജോലികൂടി എനിക്കുണ്ടായിരുന്നു. ഇ.എം.എസ്. അക്കാലത്തെഴുതിയ 'പുരോഗമന സാഹിത്യവും കമ്മ്യൂണിസ്റ്റ് സാഹിത്യവും' എന്ന പുസ്തകത്തിന്റെ കൈയെഴുത്തു കോപ്പിയും എന്റെ കൈയിലുണ്ട്. അതിന്റെ പ്രസക്തഭാഗം ഞാൻ വായിച്ചുകേൾപ്പിച്ചു. ഇ.എം.എസ്സിന്റെ പ്രബന്ധത്തെക്കുറിച്ചുള്ള മഹാകവിയുടെ പ്രഥമ പ്രതികരണം ഇങ്ങനെയായിരുന്നു.

'രണ്ടും അത്യാവശ്യമാണ്.'

ഞാൻ വിനീതനായി ചോദിച്ചു. രണ്ടും പൊരുത്തപ്പെടുത്തി പറയാമോ?

'സാഹിത്യകാരന്റെ സർഗാത്മക നിർമാണം വ്യക്തിനിഷ്ഠമാണെന്ന കാര്യത്തിൽ തർക്കമില്ല. ആ നിലയ്ക്ക് പ്രതിഭാശാലികളായ സാഹിത്യകാരന്മാർക്ക് വ്യക്തി സ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. ഇതാണ് എടുത്തുപറയേണ്ട ആദ്യത്തെ മുഖ്യ വസ്തുത.

'അതേയവസരത്തിൽ എത്ര പ്രതിഭാശാലിയായ വ്യക്തിയും താനംഗമായ സമൂഹത്തിന്റെ സൃഷ്ടിയാണ്. ആ സമൂഹം വളർത്തിയുണ്ടാക്കുന്ന സാമൂഹ്യമനസ്സാക്ഷിയുടെ ഒരു ഭാഗം കൂടിയാണ് ഈ മനസ്സാക്ഷിയുടെ ഏതെങ്കിലും ഒരംശമോ കൂടുതൽ അംശങ്ങളോ സത്യസന്ധമായി പ്രതിഫലിപ്പിക്കാനുള്ള കഴിവാണ് പ്രതിഭാശാലിയായ ഏത് സാഹിത്യകാരനേയും പൊതുജന പ്രീതിക്ക് വിധേയനാക്കുന്നത്. അതായത് സാമൂഹ്യ വികാര വിചാരങ്ങൾക്കും സ്വയം കീഴ്പ്പെടുത്തിക്കൊണ്ട് സാഹിത്യരചന നടത്താൻ കഴിവുള്ളവരാണ് ഏറ്റവും നല്ല സാഹിത്യകാരനാകുന്നത്.'

ഇ.എം.എസ്സിന്റെ പ്രബന്ധത്തിലെ ഇത്രയും വായിച്ചുകൊണ്ട് മഹാകവി പ്രതികരിച്ചു.

'ഇതെഴുതിയ ഇ.എം.എസ്സിനെ എനിക്ക് അഭിനന്ദിക്കാൻ തോന്നുന്നു. ഞാൻ ഉൾപ്പെടുന്ന ഒരു സമുദായത്തിന്റെ വികാരവിചാരങ്ങളാണ് എന്റെ സാഹിത്യത്തിനുള്ള കരുക്കൾ. ഞാൻ ഭൂതകാലത്തെക്കുറിച്ച് എഴുതുമ്പോഴും ആനുകാലികമായ സംഭവവിശേഷങ്ങൾ എന്റെ മനസ്സിൽ ഉണ്ടാക്കുന്ന പ്രതിപ്രവർത്തനങ്ങളിൽനിന്ന് മുക്തമാകാൻ എനിക്ക് സാദ്ധ്യമല്ല. പക്ഷേ, അത്തരം പ്രതിപ്രവർത്തനങ്ങൾ സ്വന്തം ശീലങ്ങളെ നേരിടുമ്പോൾ എന്തായിത്തീരുമെന്നുള്ളത് വ്യക്തിഗതമായ കാര്യമാണ്.

'വിഭിന്നങ്ങളായ വീക്ഷണങ്ങൾ അനുകൂല പ്രതികൂല വീക്ഷണങ്ങൾ സ്വീകരിച്ചു എന്നു വരാം. ഏതായാലും അത് സമൂഹത്തിന്റെ അനുദിനചര്യകളുടെ പ്രതിപ്രവർത്തനമാകാതിരിക്കാൻ വയ്യ.'

ഞാൻ: ഇത് അല്പംകൂടി വിശദീകരിച്ചാൽ കൊള്ളാം.

മഹാകവി: ആനുകാലിക സമൂഹത്തിന്റെ വികാരവിചാരങ്ങൾ ഒരു കവിയിൽ സ്വാധീനത ചെലുത്താതെ വയ്യ. അവൻ അതിൽ ഉപേക്ഷഭാവം കൈക്കൊള്ളുകയാണെങ്കിൽ അയാൾ യഥാർത്ഥ കവിയല്ലാതായിത്തീരും. ബ്രഹ്മജ്ഞാനിയോ മറ്റോ ആയി തീർന്നേക്കാം. ആ സ്വാധീനതയ്ക്കു വഴങ്ങി കലാസൃഷ്ടികൾ നടത്തുമ്പോൾ തലേന്നുവരെ പക്ഷേ, ഉണ്ടായിട്ടില്ലാത്ത ചില പുതുമകൾ (ആശയാവിഷ്കാരത്തിലും പ്രതിപാദനത്തിലുമുള്ള പുതുമകൾ) ആ കൃതിയിൽ ഉണ്ടാകാതെ വയ്യ.

"ഒരേ സമയത്തുതന്നെ സ്വന്തം സമൂഹത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കെടുക്കുകയും സ്വന്തം ഭാവനയിൽ മനുഷ്യകൃതമായ ദുഃഖത്തിൽനിന്നു വിമോചിതമായ ഒരു പുതിയ സമൂഹത്തെ കാ

ണുകയും ചെയ്യുക സ്വാഭാവികമാണ്. ഈ രണ്ടു വീക്ഷണഗതികളും പ്രായോഗികമാക്കുമ്പോൾ നൂതനമായ അപൂർവ രൂപഭാവങ്ങളോടുകൂടിയ ഒരു കൃതി ഉടലെടുക്കും. അവിടെയും പ്രധാന പ്രശ്നം അതിൽ കവിതയുണ്ടോ എന്നതാണ്. അല്ലാതെ, കാലികമോ, അനശ്വരമോ എന്നതല്ല. വിഷയം കാലികമാണെങ്കിൽക്കൂടി കൃതികൾ അനശ്വരമായിത്തീരുമെന്നാണ് എന്റെ വിശ്വാസം. ഇന്നിപ്പോൾ പുരോഗമന സാഹിത്യത്തെ പുനരുജ്ജീവിപ്പിക്കാൻവേണ്ടി ശ്രമിക്കുകയാണല്ലോ. എന്താണ് പിന്തിരിപ്പൻ സാഹിത്യം?

"അതേക്കുറിച്ച് പറയുമ്പോൾ ആദ്യമായി ഒരു ഉദാഹരണം തരാം.

ജാതി! ഹ! നരകത്തിൽ
നിന്നുപൊന്തിയ ശബ്ദം
പാർതിന്നും ചെകുത്താന്റെ
ഏട്ടിലെ രണ്ടക്ഷരം

ഇത് വള്ളത്തോൾ കുറിച്ചിട്ടതാണെന്നാണ് എന്റെ ഓർമ. അക്കാലത്ത് ഒരു രസികൻ ഈ വരികൾ ഇപ്രകാരം തിരുത്തിവായിക്കുന്നതു കേട്ടു...

ജാതി, ഹ! സ്വർഗ്ഗത്തിങ്കൽ നിന്നു പൊന്തിയ ശബ്ദം
പാർതാങ്ങും തമ്പുരാന്റെ ഏട്ടിലെ രണ്ടക്ഷരം

ജാതിക്കുശുമ്പുകൊണ്ട് ബ്രിട്ടന്റെ അടിമത്വത്തിൽ കിടന്നുവലയുമ്പോഴാണ് ഈ കവിതയും ഈരടിയും പുറത്തുവന്നത്. ആ ഈരടി മുന്നിൽവെച്ച് അത് പിന്തിരിപ്പൻ സാഹിത്യമല്ലെന്ന് പറയാൻ ധൈര്യം വരുന്നില്ല.

"സമൂഹത്തിന്റെ വികാരവിചാരങ്ങളോടൊപ്പം ഉയർന്നുപോകുന്ന വിചാരഗതികൾ ഉൾക്കൊള്ളുമ്പോഴാണ് നാം ഒരു കൃതിയെ ബഹുമാനിക്കുന്നത്. ആ വിചാരഗതിയിൽനിന്ന് മതത്തിന്റെ പേരിലോ ആചാരത്തിന്റെ പേരിലോ പ്രതിലോമഗതി സ്വീകരിക്കുമ്പോൾ നമുക്ക് അതിനെ നിന്ദിക്കാതിരിക്കാൻ വയ്യ. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം സ്ഥാനമാനങ്ങൾ പൊയ്പോയ രാജാക്കന്മാർ മുതൽ ഇത്തിരി ജന്മാവകാശം നഷ്ടപ്പെട്ട സാധു മനുഷ്യർവരെയുള്ളവർക്ക് ദുഃഖമുണ്ട്. ആ ദുഃഖം പക്ഷേ, മറ്റേതൊരു ദുഃഖത്തെപ്പോലെയും സഹാനുഭൂതിയോടെ ശ്രദ്ധിക്കേണ്ടതുമാണ്.

ഇവർക്കെല്ലാം നഷ്ടപ്പെട്ട സ്ഥാനമാനങ്ങൾ അതേപടി നേടിക്കൊടുക്കുകയും തൽഫലമായി ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ അദ്ധ്വാനിക്കാൻ തയാറായ കോടാനുകോടി മനുഷ്യാത്മാക്കൾക്ക് ശാശ്വതമായ ചങ്ങലക്കെട്ടുകളെ ആശംസിക്കുകയും ചെയ്യുന്നതാണ് ആ കൃതിയെങ്കിൽ അതിന് എന്തെല്ലാം മേന്മയുണ്ടെങ്കിൽത്തന്നെയും അതൊരു പിന്തിരിപ്പൻ കൃതിയായിട്ടല്ലാതെ വീക്ഷിക്കാൻ നിവൃത്തിയില്ല. മറിച്ച് വിഷയം അതുതന്നെ. സ്ഥാനഭ്രഷ്ടരായ വ്യക്തികളെ വീണ്ടും സമൂഹത്തിന്റെ ഇഴക്കുത്തുകളിൽ ഭംഗിയായി നിവേശിപ്പിക്കാനുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ ആ കൃതിയിൽ അടങ്ങിയിട്ടുണ്ടെങ്കിൽ അവയെ നാം പുരോഗമന സാഹിത്യമായി സ്വീകരിക്കുകയും ചെയ്യും.

ഇത്രയും പ്രസ്താവിച്ച സ്ഥിതിക്ക് കുടികിടപ്പവകാശത്തെക്കുറിച്ചുകൂടി എന്റെ അഭിപ്രായം പറഞ്ഞുകൊള്ളട്ടെ. കുടികിടപ്പവകാശം പരിവർത്തനത്തിന്റെ ഭരതവാക്യമല്ല നാന്ദിയാണ്. അത് ഒരുതരത്തിൽ അസ്വസ്ഥത പാകിയതാണ്. കുടികിടപ്പു കിട്ടിയവന്റെ മുന്നിൽ രണ്ടു പ്രശ്നങ്ങൾ ഉണ്ട്. ഒന്ന് അവൻ നടാടെ ഈ ഭൂമിയിൽ എന്തെങ്കിലും അവകാശമുള്ള വ്യക്തിയായി കഴിഞ്ഞു. അതായത് ഒരു പൗരനായി കഴിഞ്ഞു. രണ്ട് ഇനി ഈ പൗരത്വം നിലനിർത്തണം. തന്റെ കുടുംബത്തിന് ഈ ഭൂമുഖത്ത് ജീവിക്കാൻ വീടുവെയ്ക്കാൻ മാത്രമെങ്കിലും ഈ പത്തുസെന്റ് അപര്യാപ്തമാണ്.

ഓരോ ഉൾക്കുടിപ്പുരയും അതിലെ അംഗങ്ങളെക്കൊണ്ട് വീർത്തു പൊട്ടാറായിരിക്കുന്നു. അടുത്ത നിമിഷത്തിൽ അതു പൊട്ടും. കുറേയാളുകൾക്കു പുറത്തു പോകാതെ വയ്യ. അവർക്ക് പഴയമട്ടിൽ ഉൾക്കുടികിട്ടാൻ പോകുന്നില്ല. അവർ കണ്ടവന്റെ തെങ്ങിൻചുവട്ടിൽ കിടക്കാനും പോകുന്നില്ല. ഞങ്ങൾ ദാനം ചെയ്യേണ്ടത് എന്നെന്നേക്കുമായി തന്നുകഴിഞ്ഞു എന്നു പറയാൻ സമൂഹത്തിന് അധികാരമില്ല. കാരണം ഇതൊരു ദാനമല്ല. ഇതൊരവകാശം വകവെച്ചുകൊടുക്കലാണ്. അല്ലാതെ ദയ യാചിച്ചുവാങ്ങലല്ല.

മുതലാളി കാരുണ്യം വെച്ചുനീട്ടി
തൊഴിലാളി നീതിക്കാ-
യങ്കം വെട്ടി

പ്രശ്നം അതാണ്. (കുടികിടപ്പവകാശം നൽകുകയും ഭൂപരിഷ്കരണം നടപ്പിലാക്കുകയും ചെയ്ത കേരളത്തിലും മഹാകവി വിഭാവനം ചെയ്ത പ്രശ്നം ഇപ്പോൾ എത്ര വിപുലമായിക്കൊണ്ടിരിക്കുന്നു.

ചോദ്യം: കുഴിവെട്ടിമൂടുക വേദനകൾ... എന്ന് ഉപദേശിച്ചിട്ടുണ്ടല്ലോ. കവിയുടെ സ്വന്തം വാക്കുകളിൽ അതൊന്നു വ്യാഖ്യാനിച്ചുതരാമോ?

ഇടശ്ശേരി: മനുഷ്യോന്നമനമാണ് പ്രശ്നം. അതല്ലെങ്കിൽ പ്രതിപാദ്യവിഷയം ആ കവിതയിൽ ഉദ്ദേശിക്കുന്നത് ജീവിതത്തിന്റെ സ്വാഭാവികമായ ലക്ഷ്യപ്രാപ്തി എന്നാണ്. താൻ ജീവിക്കുക

യും അതേസമയത്തുതന്നെ സ്വസഹോദരന്മാരുടെ ജീവിതത്തെ സഹായിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെക്കുറിച്ച് നമുക്ക് വിഭാവനം ചെയ്യാം.

സ്വന്തം വേദനകളെ സ്വയം വിഴുങ്ങിയും അന്യരുടെ വേദനകളിൽ അനുതാപം പൂണ്ടുമുള്ള ജീവിതത്തെയാണ് ഒരു ഉന്നത ജീവിതം എന്ന് ഞാൻ വിളിക്കുന്നത്. ആ നിലവാരത്തിൽ തനിക്ക് എന്തു കിട്ടിയില്ല എന്നതല്ല പ്രശ്നം. ഞാൻ എന്തു കൊടുത്തില്ല എന്നതാണ്. അവിടെ ഒരു മാതാവിന്റെ അല്ലെങ്കിൽ പിതാവിന്റെ വിശുദ്ധിയും സ്നേഹവും അപ്രത്യക്ഷപ്പെടുന്നു അവർക്ക് വിഷാദമില്ല. മനുഷ്യമനസ്സിന്റെ ദുരൂഹത പുറത്തെടുക്കുന്നത് നല്ലത്. എന്നാൽ, അതുകൊണ്ട് പ്രയോജനമുണ്ടാകണം. കള്ളനെ കക്കാൻ പ്രേരിപ്പിക്കുന്ന മനോഭാവം മനസ്സിലാക്കുന്നത് നല്ലതാണ്. എന്നാൽ ആ വിജ്ഞാനം കള്ളത്തരം ഇല്ലാതാക്കാൻ വേണ്ടിയായിരിക്കണമല്ലോ.

സുദീർഘമായ അഭിമുഖസംഭാഷണത്തിലെ ഒരു ചെറിയ ഭാഗം മാത്രമാണ് ഇവിടെ ഉദ്ധരിച്ചത്. കവിതകൾ പോലെ തന്നെ മർമ്മസ്പർശിയാണ് അദ്ദേഹത്തിന്റെ നാടകങ്ങളും. നേരുപറഞ്ഞാൽ 1950-ൽ പ്രസിദ്ധീകരിച്ച 'കൂട്ടുകൃഷി' എന്ന നാടകം മലബാർ പ്രദേശത്ത് പ്രത്യേകിച്ച് വള്ളുവനാടൻ പ്രദേശത്ത് സംജാതമാക്കിയ ഉത്തേജനം ചരിത്രപ്രസിദ്ധമാണല്ലോ. നാടകംകൊണ്ട് നാട്ടിൻപുറങ്ങളെ ഉഴുതുമറിക്കാമെന്ന് മഹാകവി ഇടശ്ശേരി കൂട്ടുകൃഷിയിലൂടെ കാട്ടിത്തന്നു. കവിതകളാകട്ടെ നാടകങ്ങളാകട്ടെ ഇടശ്ശേരി സാഹിതീയമായ സംഭാവനകൾ കാലം ചെയ്യുന്തോറും ആസ്വാദക മനസ്സിന് അനുഭൂതിദായകമായി പരിണമിച്ചുകൊണ്ടിരിക്കും.

ദേശാഭിമാനി വാരാന്തപ്പതിപ്പ് - 1997 ഫെബ്രുവരി, 23